## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 9      09-03-2015-ൽ മറുപടിയ്ക്ക്

# സർക്കാരിന്റെ മദ്യനയം

**ചോദ്യം:**      **ഉത്തരം:**

ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ മദ്യനയം വികലവും അപ്രായോഗികവുമാണെന്ന് കണ്ടെത്തിക്കൊണ്ട് സുപ്രീംകോടതി സർക്കാരിനെ അതിരൂക്ഷമായി വിമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്പീൽ തള്ളിക്കൊണ്ടുള്ള സുപ്രീംകോടതി വിധി ന്യായം സംബന്ധിച്ച് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിയമപരമായ ഇടപെടൽ ആവശ്യമില്ല, എന്നാണ് ഉത്തരവായത്. സർക്കാർ ഫയൽ ചെയ്ത അപ്പീൽ ഡിസ്മിസ് ചെയ്യുകയും പരാതിക്കാർക്ക് ഹൈക്കോടതി മുമ്പാകെയുള്ള അപ്പീൽ പെറ്റീഷൻ വേഗത്തിൽ തീരുമാനമെടുക്കുന്നതിനായി അപേക്ഷിക്കാമെന്നും മേൽ അപ്പീൽ ഡിസ്മിസ് ചെയ്തുകൊണ്ട് ബഹു: സുപ്രീം കോടതി ഉത്തരവിടുകയാണുണ്ടായത്. |
| (ബി) | പത്തു ബാറുകൾക്ക് ലൈസൻസ് നൽകണമെന്ന ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെതിരെ അപ്പീൽ പോകാൻ നിയമോപദേശം നൽകിയതാരായിരുന്നു; അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിച്ച നിയമോപദേശം എന്തായിരുന്നു; അപ്പീൽ നൽകാനുള്ള തീരുമാനം സർക്കാരിന്റെ ഏത് തലത്തിലാണ് എടുത്തിരുന്നത്; | (ബി) | 31.12.2014-ലെ മന്ത്രിസഭായോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ബഹു: സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാൻ തീരുമാനിച്ചത്. ബഹു: ഹൈക്കോടതിയുടെ W P (C) 10286/2014 കേസിലെ വിധിക്കെതിരെ അപ്പീൽ സാധ്യതയില്ലായെന്ന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിരുന്നു. |
| (സി) | അപ്പീൽ ഹർജിയിൽ സുപ്രീം കോടതിയിൽ വാദം നടത്താൻ | (സി) | സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ.വി.ഗിരിയാണ് സുപ്രീം കോടതിയിൽ |

| | | | |
|---|---|---|---|
| | ഏത് വക്കീലിനെയായിരുന്നു സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്; വിശദമാക്കാമോ; | | സർക്കാരിനുവേണ്ടി ഹാജരായത്. |
| (ഡി) | ബാർലൈസൻസ് കാര്യത്തിൽ കേരളത്തിൽ അത്ഭുതകരമായ കാര്യങ്ങളാണ് നടക്കുന്നത് എന്ന് സുപ്രീംകോടതി നിരീക്ഷിക്കാനിടയായ സാഹചര്യം എന്തൊക്കെയാണെന്ന് പരിശോധിക്കുകയുണ്ടായോ; | (ഡി) | ബഹുമാനപ്പെട്ട സുപ്രീകോടതി അപ്പീൽ ഡിസ്മിസ് ചെയ്തുകൊണ്ടുള്ള ഉത്തരവിൽ അപ്രകാരം ഒരു നിരീക്ഷണവും നടത്തിയിട്ടില്ല. |
| (ഇ) | മദ്യവർജ്ജനത്തിന് സഹായകരമായ ഒരു മദ്യനയത്തിന് രൂപം നൽകുമോ ? | | മദ്യവർജ്ജനത്തിലൂന്നി " മദ്യ രഹിത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന ഒരു മദ്യനയമാണ് സർക്കാർ നടപ്പിലാക്കികൊണ്ടിരിക്കുന്നത് . ഈ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ